**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1511 — 15.06.2012 ൽ മറുപടിയ്ക്ക്

**വയോജനനയം**

**ചോദ്യം** — **ഉത്തരം**

**ശ്രീ. സി.ദിവാകരൻ** — **ഡോ. എം.കെ. മുനീർ**
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വയോജനനയം നിലവിലുണ്ടോ ; ഇത് എന്നാണ് പ്രഖ്യാപിച്ചത് ; | എ | സംസ്ഥാനത്ത് 2006- ൽ പ്രഖ്യാപിച്ച വയോജനനയം നിലവിലുണ്ട്. |
| ബി | വയോജനനയത്തിലെ ഏതെല്ലാം വ്യവസ്ഥകൾ ഇതുവരെ നടപ്പിലാക്കി ; | ബി | വയോജന നയത്തിൽ പ്രസ്താവിച്ച പ്രകാരം മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്ന പാലീയെറ്റീവ് ഹോം കെയർ, സൗജന്യമരുന്ന്, ആംബുലൻസ് സർവ്വീസ്. ഹെൽപ്ഡെസ്ക് എന്നീ സേവനങ്ങൾ നൽകുന്ന വയോമിത്രം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. വയോജനങ്ങളുടെ ക്ഷേമം ഉറപ്പിക്കാൻ വയോജനനയത്തിൽ പ്രതിപാദിച്ചിട്ടുള്ള സംസ്ഥാന കൗൺസിലും ജില്ലാ കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വൃദ്ധസദനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനുമായി വയോജന കൗൺസിൽ അംഗങ്ങളുടെ സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി | വയോജന പെൻഷന്റെ എത്ര തവണകൾ കുടിശ്ശികയായിട്ടുണ്ട്; | സി | 2012 ഏപ്രിൽ മാസം വരെയുള്ള പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. |
| ഡി | അത് എന്ന് കൊടുക്കാൻ കഴിയുമെന്നു വ്യക്തമാക്കാമോ ? | ഡി | ഇതിനാവശ്യമായ തുക ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ ലഭ്യമാകുന്ന മുറക്ക് കുടിശ്ശിക പെൻഷനും വിതരണം ചെയ്യുന്നതാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ